25.10.2019 – ന് പ്രസരണ വിഭാഗം ഉത്തരമേഖല ചീഫ് എഞ്ചിനീയറുടെ ചേമ്പറിൽ വെച്ച് ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ നടപടി കുറിപ്പ്.

| | | |
|---|---|---|
| 1 | ശ്രീ. മനോജൻ .പി.പി. | ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ & എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇൻ ചാർജ്ജ് (ഓഫീസ്) |
| 2 | ശ്രീ.മുഹമ്മദ് അബ്ദുൾ സലാം | ചീഫ് സേഫ്റ്റി ഓഫീസർ & എക്സിക്യൂട്ടീവ് എഞ്ചിനീയർ, ട്രാൻസ്മിഷൻ സർക്കിൾ, മലപ്പുറം. |
| 3 | ശ്രീമതി. ലിറ്റിമോൾ.പി.എം | ചീഫ് സേഫ്റ്റി ഓഫീസർ & എക്സിക്യൂട്ടീവ് എഞ്ചിനീയർ, ട്രാൻസ്മിഷൻ സർക്കിൾ, തൃശ്ശൂർ |
| 5 | ശ്രീമതി. ആർ ലേഖാറാണി | ചീഫ് സേഫ്റ്റി ഓഫീസർ & എക്സിക്യൂട്ടീവ് എഞ്ചിനീയർ, ട്രാൻസ്മിഷൻ സർക്കിൾ, കോഴിക്കോട് |
| 5 | ശ്രീമതി. കവിത .സി.കെ. | ചീഫ് സേഫ്റ്റി ഓഫീസർ & എക്സിക്യൂട്ടീവ് എഞ്ചിനീയർ, ട്രാൻസ്മിഷൻ സർക്കിൾ,കണ്ണൂർ |
| 6 | ശ്രീ. സജീവ് .എം.ടി. | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഓഫീസ്) |

ഡെപ്യൂട്ടി സേഫ്റ്റി കമ്മിഷണറുടെ അദ്ധ്യക്ഷതയിൽ യോഗ നടപടികൾ ഉച്ചയ്ക്ക് 2.30 ന് ആരംഭിച്ചു. മുൻ ഡെപ്യൂട്ടി സേഫ്റ്റി കമ്മിഷണർ ശ്രീ.ജോർജ്ജ്.പി.സ്കറിയയുടെ ആകസ്മിക നിര്യാണത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി. കമ്മറ്റിയിലെ എല്ലാ അംഗങ്ങളേയും ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ സ്വാഗതം ചെയ്തു.

ബോർഡ് ഉത്തരവ് പ്രകാരമുള്ള യോഗങ്ങൾ സർക്കിൾ തലത്തിലും, സ്റ്റേഷൻ തലത്തിലും കൃത്യമായി നടക്കുന്നില്ല എന്ന് മനസ്സിലാക്കുന്നതായും, ആയതിനാൽ ബോർഡ് ഉത്തരവ് പ്രകാരം എല്ലാ തലത്തിലും കൃത്യമായി യോഗങ്ങൾ ചേരുകയും നടപടിക്രമങ്ങളുടെ മിനുറ്റ്സ് സമർപ്പിക്കണമെന്നും ഡെപ്യൂട്ടി സേഫ്റ്റി കമ്മിഷണർ നിർദ്ദേശിച്ചു.

* വിയ്യൂർ ലൈൻ മെയിന്റനൻസ് സെക്ഷനിലെ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. ബൈജു .കെ.എ. ജോലിക്കിടയിൽ വെള്ളത്തിൽ മുങ്ങിമരിക്കാനിടയായ സംഭവം തൃശ്ശൂർ ട്രാൻസ്മിഷൻ സർക്കിൾ, ചീഫ് സേഫ്റ്റി ഓഫീസർ വിശദീകരിക്കുകയുണ്ടായി
* സബ്സ്റ്റേഷനിലെ എല്ലാ ഓപ്പറേറ്റർമാരേയും മറ്റ് മെയിന്റനൻസ് ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ചുകൊണ്ട് സബ്ഡിവിഷൻ/ഡിവിഷൻ തലത്തിൽ അപകടങ്ങൾ ചർച്ച ചെയ്യുകയും, സമാന അപകടങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ കൈക്കൊള്ളുവാൻ നിർദ്ദേശം നൽകിയതായും ചീഫ് സേഫ്റ്റി ഓഫീസർമാർ അറിയിച്ചു.

*സേഫ്റ്റി മാനുവൽ, സേഫ്റ്റി പോളിസി എന്നിവ സംബന്ധിച്ച ക്ലാസുകൾ എല്ലാ സർക്കിളിനു കീഴിലും പൂർത്തീകരിച്ചതായി ചീഫ് സേഫ്റ്റി ഓഫീസർമാർ അറിയിച്ചു.

സേഫ്റ്റി സർപ്രൈസ് ഇൻസ്പെക്ഷൻ എല്ലായിടത്തും നടക്കുന്നതായി വിലയിരുത്തി. എന്നാൽ തളിപറമ്പ് സബ്ഡിവിഷൻ സേഫ്റ്റി ഓഫീസറുടെ പങ്കാളിത്തം വളരെ കുറവായി കാണപ്പെട്ടു. അദ്ദേഹത്തോട് ആയതിന്റെ വിശദീകരണം ആവശ്യപ്പെടുവാൻ കണ്ണൂർ സർക്കിൾ ചീഫ് സേഫ്റ്റി ഓഫീസറോട് ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ നിർദ്ദേശിച്ചു.

ഓരോ മാസവും നടത്തുന്ന ഇൻസ്പെക്ഷനുകളുടെ എണ്ണവും എന്തെങ്കിലും അപാകതകൾ കണ്ടെത്തുകയാണെങ്കിൽ ആയതിന്റെ വിശദമായ റിപ്പോർട്ടും സഹിതം എല്ലാ മാസവും കൃത്യമായി രേഖാമൂലം അറിയിക്കണമെന്ന് ഡെപ്യൂട്ടി സേഫ്റ്റി കമ്മിഷണർ നിർദ്ദേശിച്ചു. ഇൻസുലേറ്റഡ് ലാഡറുകൾ ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് മലപ്പുറം ട്രാൻസ്മിഷൻ സർക്കിൾ ചീഫ് സേഫ്റ്റി ഓഫീസർ ആവശ്യപ്പെടുകയുണ്ടായി. കൂടാതെ മലപ്പുറം ലൈൻ മെയിന്റനൻസ് സബ്ഡിവിഷനിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇല്ല എന്നും മലപ്പുറം സബ്സ്റ്റേഷൻ സബ്ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്കു പകരം ആളെ നിയമിക്കാതെ ട്രാൻസ്ഫർ ചെയ്തതായും അറിയിച്ചു. ആയത് സേഫ്റ്റിയുടെ ശരിയായ പ്രവർത്തനത്തെ സാരമായി ബാധിക്കുമെന്നതിനാൽ പകരം ഉദ്യോഗസ്ഥരെ നിയമിക്കുവാൻ വേണ്ട നടപടിക്രമങ്ങൾ സ്വീകരിക്കണമെന്ന് അപേക്ഷിച്ചു.

താരതമ്യേന അപകടങ്ങൾ കുറഞ്ഞുവരുന്നതായി യോഗം വിലയിരുത്തുകയുണ്ടായി. ആയതിനാൽ സർപ്രൈസ് ഇൻസ്പെക്ഷൻ കാര്യമായി നടത്തുകയും സുരക്ഷ സംബന്ധിച്ച് നിർദ്ദേശങ്ങൾ കൃത്യമായി പാലിച്ച് സുരക്ഷ സംസ്കാരം വളർത്തിയെടുക്കുവാൻ എല്ലാവരും പ്രതിജ്ഞാബദ്ധമായിരിക്കണമെന്നും ഡെപ്യൂട്ടി സേഫ്റ്റി കമ്മിഷണർ നിർദ്ദേശിച്ചു.

യോഗം വൈകുന്നേരം 5.00 മണിക്ക് അവസാനിച്ചു..

EE I C

ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ &
എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇൻ ചാർജ്ജ്
ട്രാൻസ്മിഷൻ (നോർത്ത് ) കോഴിക്കോട്

Endt on CE/TRN/ ACE (4) / Safety / 2019-20/ 161 | 12.11.2019.
Copy forwarded to the participants for information and n/a

EE I C

Dy. CHIEF ENGINEER
O/o THE CHIEF ENGINEER
TRANSMISSION (NORTH), KOZHIKODE - 11